LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷൻ കേരള മിഷൻ

280 (1754) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണ് ; ഈ മിഷൻ പ്രവർത്തനം ആരംഭിച്ചത് എന്നാണ് ; എത്ര വർഷം കൊണ്ട് ഈ മിഷന്റെ പ്രവർത്തനം പൂർത്തീകരിക്കുമെന്നാണ് ആരംഭകാലത്ത് പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കാമോ;

(ബി) ഈ മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്ഥിര/താൽക്കാലികം ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലടക്കം എത്ര പേർ ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്നു; ഇവരുടെ നിയമനം എങ്ങനെയാണ് നടത്തുന്നത് ; വിശദമാക്കാമോ;

(സി) നാളിതുവരെ ഈ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് പ്രവർത്തന ചെലവുകൾക്കുമായി വിനിയോഗിച്ച ആകെയെത്രയാണ്;വ്യക്തമാക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഈ മിഷന്റെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു. 1999 ജൂണിലാണ് ഈ മിഷൻ പ്രവർത്തനം ആരംഭിച്ചത്. ഈ മിഷന്റെ പ്രവർത്തനം 31-3-2001-ന് പൂർത്തീകരിക്കുന്നതായാണ് 12-8-1999-ലെ സ.ഉ.(എം.എസ്.) നമ്പർ 38/99/പ്ലാനിംഗ് നമ്പർ ഉത്തരവിൽ വിഭാവന ചെയ്തിട്ടുള്ളത്.

(ബി) ഇൻഫർമേഷൻ കേരള മിഷനിൽ ഹെഡ് ക്വാർട്ടേഴ്സിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമടക്കം 370 ജീവനക്കാർ താഴെപ്പറയും പ്രകാരം നിലവിൽ ജോലി ചെയ്യുവരുന്നുണ്ട്. പത്രപ്പരസ്യം മുഖേനയും ക്യാമ്പസ് റിക്രൂട്ട്മെന്റ് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും കൺസോളിഡേറ്റഡ് ശമ്പളത്തിലുമാണ് ഇവരെ നിയമിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റിസപ്ഷനിസ്റ്റ്	2
മെസഞ്ചർ	1
ജൂനിയർ അസിസ്റ്റന്റ്	2
അസിസ്റ്റന്റ്	3
സീനിയർ അസിസ്റ്റന്റ്	4
ലൈബ്രേറിയൻ	1
അസിസ്റ്റന്റ് മാനേജർ	12
മാനേജർ	5
സീനിയർ മാനേജർ	2
ടെക്നിക്കൽ അസിസ്റ്റന്റ്	38
ജൂനിയർ ടെക്നിക്കൽ ഓഫീസർ	140
ടെക്നിക്കൽ ഓഫീസർ	105
സീനിയർ ടെക്നിക്കൽ ഓഫീസർ	23
ജൂനിയർ പ്രോഗ്രാമർ	1
ജൂനിയർ പ്രോഗ്രാമർ-I	2
പ്രോഗ്രാമർ	16
സീനിയർ പ്രോഗ്രാമർ	8
മാനേജർ, ടെക്നിക്കൽ	5

(സി) 1999 മുതൽ 26-11-2015 വരെ 83,02,45,335 രൂപ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു പ്രവർത്തന ചെലവുകൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്.

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാലും ആയത് ഒരു തുടർപ്രവർത്തനം ആയതിനാലും ഈ മിഷന്റെ ലക്ഷ്യം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ കഴിയുകയില്ല.

1354/2017